GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/09/2026

1. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സെപ്റ്റംബർ 10,11 തിയ്യതികളിൽ രാവിലെ 10 മണി മുതൽ '**ആട്ടു വളർത്തൽ ആദായകരമാക്കാം**' വിഷയത്തിൽ സൗജന്യ ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0494-2962296 എന്ന നമ്പറിൽ ബന്ധപ്പെടുക.

2. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **സെപ്റ്റംബർ 16, 17** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ

വിവരങ്ങൾക്ക് 9388834424/ 9539642472 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

3. വെള്ളായണി കാർഷിക കോളേജിലെ കെ-അഗ്രിടെക് ലോഞ്ച്പാഡ് കൂൺ കൃഷിയിലും സ്പോൺഉത്പാദനത്തിലും താൽപര്യമുള്ളവർക്കായി ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. ശാസ്ത്രീയ കൂൺകൃഷി രീതികൾ, സബ്സ്ട്രേറ്റ് തയ്യാറാക്കൽ, രോഗനിയന്ത്രണം, സ്പോൺ മാനേജ്മെന്റ്, വിളവെടുപ്പ്, വിപണനം എന്നിവ ഈ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് 1000/- രൂപ. രജിസ്ട്രേഷനുള്ള **അവസാന തീയതി സെപ്റ്റംബർ 6.** കൂടുതൽ വിവരങ്ങൾക്ക് **9995624888** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 14 മുതൽ 25 വരെ (10 ദിവസത്തെ) "**ക്ഷീരോൽപന്ന നിർമ്മാണ സംരംഭകത്വ പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ സെപ്റ്റംബർ 9 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതും പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026 –27 വർഷത്തിൽ " **കാർഷികകേരളം പുതുയുഗപ്പിറവിയിലേക്ക്**" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഹൈടെക് കൃഷിരീതികൾ, നൂതന സാങ്കേതികവിദ്യകൾ, പുതുസംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയ കാർഷികമേഖലയുടെ വിവിധ തലങ്ങൾ എന്നിവ ആസ്പദമാക്കിയുള്ള ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്. കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും വേണം. പ്രായഭേദമന്യേ എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയ്ക്കാം. എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല. മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. തിരെഞ്ഞെടുക്കപ്പെടുന്നവർക്ക് ഒന്നാം സമ്മാനം 20,000/–, രണ്ടാം സമ്മാനം 10,000/–, മൂന്നാം സംമ്മാനം ₹5,000/–, പ്രോത്സാഹന സമ്മാനം ₹1,000/– വീതം 10 പേർക്ക്

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, farmphotography2026@gmail.com എന്ന ഇ–മെയിൽ വിലാസത്തിലോ സപ്തംബർ 30 ന് മുൻപ് ലഭിക്കണം.

കൂടുതൽ വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.